(1)	(2)	(3)
ഇടുക്കി	93	65
എറണാകുളം	206	128
തൃശ്ശൂർ	82	104
പാലക്കാട്	76	59
മലപ്പുറം	31	17
കോഴിക്കോട്	96	222
വയനാട്	35	7
കണ്ണൂർ	111	439
കാസർഗോഡ്	83	34
ആകെ	1571	1827

നിലവാരം ഉയർത്താൻ നടപടി സ്വീകരിക്കുന്നുണ്ട്.

അൺഎക്കണോമിക് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് കാര്യക്ഷമമായ വിദ്യാഭ്യാസം നൽകുന്നതിന് നടപടി

15(704) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺഎക്കണോമിക് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് കാര്യക്ഷമമായ വിദ്യാഭ്യാസം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) മതിയായ സംരക്ഷിതാദ്ധ്യാപകരും, സ്ഥിര അദ്ധ്യാപകരും ഇല്ലാതെ വരുന്ന അൺഎക്കണോമിക് വിദ്യാലയങ്ങളുടെ പ്രവർത്തനം എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) അൺഎക്കണോമിക് വിദ്യാലയങ്ങളിലെ അദ്ധ്യാപക തസ്തികകളിൽ നിയമന അംഗീകാരം ലഭിക്കാത്തത് കാരണം അദ്ധ്യാപകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അൺഎക്കണോമിക് വിദ്യാലയങ്ങളിലെ അദ്ധ്യാപക തസ്തികകളിലേക്ക് നിയമന അംഗീകാരം നൽകാൻ നടപടി സ്വീകരിക്കാമോ ;

(ഇ) നിയമന അംഗീകാരം എപ്പോൾ നൽകുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർവ്വശിക്ഷാ അഭിയാന്റെ പ്രവർത്തനങ്ങൾ മുഖേന ഈ സ്കൂളുകളിൽ കാര്യക്ഷമമായ വിദ്യാഭ്യാസം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അൺ എക്കണോമിക് വിദ്യാലയങ്ങളിൽ ഒഴിവു വരുന്ന തസ്തികകളിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്നും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ ലഭിക്കാത്ത സാഹചര്യത്തിൽ ഒഴിവുകൾ ദിവസ വേതനാടിസ്ഥാനത്തിൽ നികത്തണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി-ഇ) അൺഎക്കണോമിക് സ്കൂളുകളിൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നതിന് തടസ്സമില്ല.

മലപ്പുറം ജില്ലയിൽ പാഠപുസ്തക വിതരണത്തിനുള്ള കാലതാമസം

16(706) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും മലപ്പുറം ജില്ലയിൽ പാഠപുസ്തക വിതരണം പൂർത്തീകരിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാഠപുസ്തക വിതരണത്തിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ജില്ലയിലെ ഈ വർഷത്തെ പാഠപുസ്തക വിതരണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ അച്ചടികൾ പൂർത്തീകരിക്കുന്നതിനും പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കുട്ടികളുടെ എണ്ണവും പാഠപുസ്തകങ്ങളുടെ ആവശ്യകതയും സംബന്ധിച്ച് വിദ്യാഭ്യാസ ഓഫീസർമാർ നൽകിയ ഇൻഡന്റിലെ പിഴവ് കാരണം ചില സ്ഥലങ്ങളിൽ ആവശ്യമുള്ളത്ര പാഠപുസ്തകങ്ങൾ ലഭിക്കാതെ വന്നിട്ടുണ്ട്. ഇൻഡന്റിൽ ഉൾപ്പെടാതിരുന്നതും എന്നാൽ പിന്നീട് ആവശ്യപ്പെട്ടതുമായ പാഠപുസ്തകങ്ങളുടെ വിതരണം ഇപ്പോൾ പൂർത്തിയായിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

അടുത്ത അദ്ധ്യയന വർഷത്തെ പത്താം ക്ലാസ്സിലെ പുതിയ മലയാളം പാഠപുസ്തകം

17(708) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തെ പത്താം ക്ലാസ്സിലെ പുതിയ മലയാളം പാഠപുസ്തകം തയ്യാറാക്കിയത് എസ്.സി.ഇ.ആർ.ടി. സമിതി അംഗങ്ങൾ അറിയാതെയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly